# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 14** **08.02.2016-ൽ മറുപടിക്ക്**

## വർഗീയതക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. എളമരം കരീം<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. സി. കൃഷ്ണൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ആർ.എസ്.എസ്. 2015 നവംബർ മാസത്തിൽ കണ്ണൂരിൽ സംസ്ഥാനതല ബൈഠക് സംഘടിപ്പിച്ചതും ആർ.എസ്.എസ്. തലവൻ മോഹൻ ഭഗവത് പങ്കെടുത്ത് സംസാരിച്ചതും സംസ്ഥാന പോലീസ് ഇന്റലിജൻസ് വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ പ്രധാന ക്ഷേത്രപരിസരങ്ങളിൽ നിന്ന് ക്രൈസ്തവ-മുസ്ലീം കച്ചവടക്കാരെ ഒഴിപ്പിക്കണം, അഹിന്ദുക്കളുടെ ജനസംഖ്യാ വർദ്ധന ഇല്ലാതാക്കാൻ ഹിന്ദു രക്ഷാ ജാഗ്രത സമിതി രൂപീകരണം എന്നിങ്ങനെ മതസൗഹാർദ്ദം തകർക്കാനും, ജാതിസ്പർദ്ധയും വർഗീയതയും രൂപപ്പെടുത്തുവാനും പ്രസ്തുത യോഗത്തിൽ തീരുമാനം എടുത്തതായിട്ടുള്ള വിവരം ഇന്റലിജൻസ് റിപ്പോർട്ടു ചെയ്തിട്ടുണ്ടോ; | (ബി) ഇന്റലിജൻസ് റിപ്പോർട്ടുകൾ രഹസ്യ സ്വഭാവമുള്ളതാണ്. |
| (സി) ഇന്റലിജൻസ്, മാധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; ഇത്തരം നടപടികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ? | (സി) സംസ്ഥാനത്ത് സാമുദായിക ധ്രുവീകരണം ഉണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ